## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4463

21.03.2018 ൽ മറുപടിയ്ക്ക്

### നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നടക്കുന്ന ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ. എം. നൗഷാദ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | നെട്ടുകാൽത്തേരി തുറന്ന ജയിലിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് തടവുകാർ ഉന്നയിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അന്തേവാസികളിൽ നിന്നും വിവിധ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പരാതിയിന്മേൽ കൈക്കൊണ്ട നടപടികൾ എന്തെന്ന് വിശദമാക്കാമോ ; | (ബി) | ജയിൽ ആസ്ഥാന കാര്യാലയത്തിൽ ലഭിച്ച പരാതികളുടെ ഗൗരവം പരിഗണിച്ച് ജയിൽ സൂപ്രണ്ട്/ വെൽഫയർ ഓഫീസർ / റീജിയണൽ വെൽഫയർ ഓഫീസർ / ദക്ഷിണ മേഖലാ ഡി.ഐ.ജി. എന്നീ ഉദ്യോഗസ്ഥരെകൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും, ആയത് പരിശോധിച്ച് ആവശ്യമായ അനന്തര നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തടവുകാർ ഉന്നയിച്ച പരാതികൾ സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | (സി) | പല ആരോപണങ്ങളും തടവുകാരുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുമ്പോഴോ, നിയന്ത്രിക്കപ്പെടുമ്പോഴോ ഉണ്ടാകുന്ന അനിഷ്ടത്താൽ അയയ്ക്കുന്ന അടിസ്ഥാനരഹിതമായ പരാതികളാണ് ഭൂരിഭാഗവും ലഭിക്കാറുള്ളത്. അവയിൽ കാര്യ ഗൗരവമുള്ളവ പരിഗണിച്ച നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ ഒരു പരാതിയിൽ ജയിൽ ഉദ്യോഗസ്ഥരുടെ മോശമായ സമീപനം വ്യക്തമായതിനാൽ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി / വകുപ്പ്തല നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | ഉണ്ട്. നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. സയ്യിദ് മുഹമ്മദ് എം. എന്ന ഉദ്യോഗസ്ഥനെ തിരുവനന്തപുരം ജില്ലാ ജയിലിലേയ്ക്ക് സ്ഥലംമാറ്റുകയുണ്ടായി. |

സെക്ഷൻ ഓഫീസർ